<u>ശ്രീ. പാലൊളി മുഹമ്മദ് കുട്ടി</u> : സർ, പുതിയ കെട്ടിടനിർമ്മാണ ചട്ടങ്ങൾ പ്രസിദ്ധീകരിച്ചതിനുശേഷം നൂറു കണക്കിനാളുകൾ അതിനെ സ്വാഗതം ചെയ്തുകൊണ്ടും അഭിനന്ദിച്ചുകൊണ്ടും ഗവണ്മെന്റിലേക്ക് എഴുതുകയാണ് ചെയ്തിട്ടുള്ളത്. പുതിയ നിയമത്തെ സംബന്ധിച്ചിടത്തോളം ഇന്ന വിഷമങ്ങളുണ്ടെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് ഗവണ്മെന്റിന്റെ ശ്രദ്ധയിൽ വന്നിട്ടില്ല. ഏതവസരത്തിൽ ആ വസ്തുതകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് ഗവണ്മെന്റിന്റെ മുൻപാകെ വന്നാലും ഗൗരവമായി പരിശോധിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തും.

(2) കൈത്തറി വ്യവസായം നേരിടുന്ന പ്രതിസന്ധി

<u>ശ്രീ. ടി.കെ. ബാലൻ</u>: സർ, കേരളത്തിലെ ലോകപ്രശസ്തന്മാരായ കൈത്തറിമേഖല ഇന്ന് പ്രതിസന്ധിയെ നേരിടുകയാണ്. കൈത്തറി കയറ്റുമതി ഇന്ന് പകുതിയായി കുറഞ്ഞിരിക്കുകയാണ് എന്ന് ഹാൻഡ്ലൂം എക്സ്പോർട്ട് ഓർഗനൈസേഷൻ തന്നെ ആധികാരികമായി പ്രസ്താവിച്ചിരിക്കുന്നു. ലോകത്തിൽ മേൽത്തരം കൈത്തറി ഉല്പാദനം നടത്തിയിരുന്ന കേരളത്തിൽ വിശേഷിച്ചും കണ്ണൂരിൽ, കേരളത്തിന്റെ മാഞ്ചസ്റ്റർ എന്നറിയപ്പെടുന്ന കണ്ണൂരിൽ, കയറ്റുമതിക്കുള്ള കൈത്തറി ഉല്പാദനം പാടേ കുറഞ്ഞിരിക്കുന്നതായി കാണാൻ സാധിക്കും. ലോക മാർക്കറ്റിൽതന്നെ വലിയ മാറ്റങ്ങൾ വന്നുകഴിഞ്ഞു. യൂറോപ്പ്, അമേരിക്ക, ജപ്പാൻ, ആസ്ത്രേലിയ മുതലായ സ്ഥലങ്ങളിൽ ഇന്നു കേരളത്തിന്റെ കൈത്തറിക്ക് യാതൊരു ഡിമാന്റുമില്ല. ഈ മാർക്കറ്റുകളൊക്കെ ചൈന കീഴടക്കിയിരിക്കുകയാണ്. ചൈനീസ് തുണിത്തരങ്ങൾക്കാണെങ്കിൽ വില കുറവാണ്. രണ്ടാമത് ഏറ്റവും കൂടുതൽ യൂറോപ്യൻ രാജ്യങ്ങളിൽ നാച്ചറൽ ഡൈ ഇഷ്ടപ്പെടുന്ന ഈ കാലഘട്ടത്തിൽ അത്യാധുനികമായ ബയോടെക്നോളജി ഉപയോഗിച്ച് ക്ളേർഡ് കോട്ടണുണ്ടാക്കാൻ ചൈന ശ്രമിക്കുകയാണ്. അതിൽ അവർ വിജയം നേടിക്കഴിഞ്ഞു. പച്ച കോട്ടൺ വേണമെങ്കിൽ പച്ച കോട്ടൺ തന്നെ ഉൽപ്പാദിപ്പിക്കാൻ സാധിക്കും. ചുവപ്പ് നിറത്തിലുള്ള കോട്ടൺ വേണമെങ്കിൽ ചുവപ്പ് കോട്ടൺ ഉല്പാദിപ്പിക്കാനും സാധിക്കും. ഇത്തരത്തിൽ ബയോടെക്നോളജിയുടെ സാധ്യത ഉപയോഗിക്കാൻ സാധിക്കും. അതിനു വലിയ തോതിലുള്ള പ്രിയവുമാണ്. കഴിഞ്ഞ പത്തു പതിനഞ്ചു വർഷക്കാലമായി ചൈനയിലെ അനുഭവം പരിശോധിച്ചാൽ കൈത്തറി തുണിയുടെ വിലയിൽ ഫ്ളക്ചേഷൻസില്ല. ഒരേ നിലവാരത്തിൽ നിൽക്കുകയാണ്. ഈ രൂപത്തിലുള്ള ഘടകങ്ങളെല്ലാം നമ്മുടെ കൈത്തറിക്ക് മാർക്കറ്റിൽ ഇടിവു സംഭവിക്കാവുന്ന സ്ഥിതിയിലേക്ക് വന്നിരിക്കുകയാണ്. മറ്റൊരു കാര്യം ആഭ്യന്തര വിപണി പരിശോധിച്ചു നോക്കിയാൽ കേരളത്തെ വളരെയേറെ പ്രതികൂലമായി ബാധിച്ചിരിക്കുന്നു. ആന്ധ്രാ, തമിഴ്നാട് മുതലായ സംസ്ഥാനങ്ങളിൽ പുതിയ സാങ്കേതിക വിദ്യ ഉപയോഗിച്ചുകൊണ്ടാണ് കൈത്തറി തുണികളുണ്ടാക്കുന്നത്. കാര്യക്ഷമതയും ഉല്പാദനക്ഷമതയും ഈ മേഖലയിൽ ആന്ധ്രായിലും തമിഴ്നാട്ടിലുമുണ്ടെന്നു കാണാൻ കഴിയും. മാത്രമല്ല, അവരുടെ ഉല്പാദനക്ഷമതയിലേയ്ക്ക് കേരളത്തിലെ കൈത്തറിക്ക് എത്താൻ സാധിക്കുന്നില്ല എന്ന കാര്യവും ചൂണ്ടിക്കാണിക്കേണ്ടതുണ്ട്. മറ്റൊരു പ്രധാനപ്പെട്ട ആഘാതം വന്നിട്ടുള്ളത് കേന്ദ്രഗവണ്മെന്റിന്റെ ഉദാരവൽക്കരണ നയമാണ്. കേന്ദ്ര സർക്കാർ കൈത്തറിക്ക് എല്ലാ വിധത്തിലുള്ള സംരക്ഷണ നടപടികളും പിൻവലിക്കാൻ തീരുമാനിച്ചു. 1956-ൽ മദിരാശി സംസ്ഥാനത്ത് രാജാജി മുഖ്യമന്ത്രിയായിരുന്ന കാല

LIBRARY ARCHIVES Kerala Legislative Assembly

ത്താണ് ആദ്യമായി യന്ത്രതറികൾക്ക് സെസ്സ് ഏർപ്പെടുത്തിയിട്ടുള്ളത്. ആ സെസ്സാണ് റിബേറ്റായി മാറിയിട്ടുള്ളത്. ആ റിബേറ്റു നിറുത്താനും കേന്ദ്ര ഗവ ണ്മെന്റ് തീരുമാനിച്ചിരിക്കുന്നു. രണ്ടായിരത്തി മൂന്നോടുകൂടി എല്ലാ മേഖലയി ലേയും സബ്സിഡി ഒഴിവാക്കും. ഹാൻഡ് ലൂമിനുള്ള സബ്സിഡിയും കേന്ദ്ര ഗവണ്മെന്റ് നിറുത്തലാക്കി കഴിഞ്ഞു. ഇപ്പോൾ കേരളത്തിൽ കൊടുക്കുന്ന റിബേറ്റിന്റെ പൂർണ്ണമായ ഭാരം കേരളം വഹിക്കണമെന്നു നിർബന്ധിക്കപ്പെ ടുന്ന സ്ഥിതിയാണ്. 1974-ലെ ശിവരാമൻ കമ്മിറ്റി റിപ്പോർട്ടുപ്രകാരം ഇരുപ ത്തിരണ്ട് ഇനം വസ്ത്രങ്ങൾ കൈത്തറി മേഖലക്കു മാത്രമായി ഇയർ മാർക്ക് ചെയ്തിരുന്നു. പക്ഷെ മിൽ ഉടമകൾ സമ്മർദ്ദം ചെലുത്തിയതിന്റെ ഫലമായി അതു ഒൻപതായി കുറയുന്ന സ്ഥിതിയിലേക്ക് എത്തി. ഇൻഡ്യയിൽ ആകെ ഒന്നരക്കോടിയോളം കൈത്തറി തൊഴിലാളികളാണുള്ളത്. അതിൽ ഒന്നര ലക്ഷത്തോളം തൊഴിലാളികൾ കേരളത്തിലുണ്ട്. മിൽ സെക്ടർ, പവർ സെ ക്ടർ, ഹാൻഡ്ലൂം സെക്ടർ. ഇതിൽ ഏറ്റവും കൂടുതൽ ആഘാതം കേന്ദ്ര ഗവണ്മെന്റിന്റെ നയത്തിന്റെ ഫലമായി വന്നു ചേർന്നിട്ടുള്ളത് ഹാൻഡ്ലൂം സെക്ടറിലാണ്. ബി.ജെ.പി. ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം എസ്.ആർ. സത്യൻ, മുൻ ടെക്സ്റ്റൈൽ സെക്രട്ടറി ചെയർമാനായി ഈ മേഖ ലയിലെ പ്രശ്നങ്ങൾ പഠിക്കാൻ ഒരു കമ്മിറ്റിയെ നിയമിച്ചു. എസ്.ആർ. സത്യൻ കമ്മിറ്റി റിപ്പോർട്ട് ഹാൻഡ്ലൂം തൊഴിലാളികളെ സംബന്ധിച്ച് ഹാൻഡ്ലൂം മേഖലയെ സംബന്ധിച്ച് വലിയൊരു ആഘാതമായിട്ടുണ്ട്. ഇൻഡ്യാ ഗവണ്മെന്റിന്റെ ഇപ്പോഴത്തെ ഉദാരവൽക്കരണത്തിന്റെ ചുവടു പിടിച്ച് കൈത്തറി മേഖലയാകെതന്നെ ഇല്ലാതാക്കുന്ന വിധത്തിലാണ് സത്യൻ കമ്മിറ്റി റിപ്പോർട്ട് വന്നിട്ടുള്ളത്. ഹാൻഡ്ലൂം റിസർവേഷൻ ആക്ടും ഹാൻഡ് യാൺ ആപ്ളിക്കേഷൻ ഓർഡറും പിൻവലിക്കാൻ സത്യൻ കമ്മിറ്റി ശുപാർശ ചെയ്തിരിക്കുകയാണ്. ഇൻഡ്യയിൽ വിശേഷിച്ചും ആന്ധ്ര, കേരളം മുതലായ മേഖലകളിലെ തൊഴിലാളി സംഘടനകൾ അതിശക്തമായി സത്യൻ കമ്മിറ്റി റിപ്പോർട്ടിനെതിരെ പ്രതികരിച്ചു. അതിന്റെ ഭാഗമായി പ്ളാനിംഗ് കമ്മിഷൻ തന്നെ പ്രാഥമിക ചർച്ച നടത്തിയിട്ടുണ്ട്. അതിന്റെ ഭാഗ മായി ഹാൻഡ്ലൂം മേഖലയ്ക്കു മാത്രം ഇയർ മാർക്കു ചെയ്തിട്ടുള്ള തുണി ത്തരങ്ങൾ എടുത്തു മാറ്റുകയില്ല എന്നുള്ള ഉറപ്പു തരാൻ പ്ലാനിംഗ് കമ്മിഷനു സാധിച്ചിട്ടില്ല. എസ്.ആർ. സത്യൻ കമ്മിറ്റി റിപ്പോർട്ടു ബി.ജെ.പി. ഗവ ണ്മെന്റിന്റെ ഇന്നത്തെ ഉദാരവൽക്കരണത്തിന്റേയും ഗ്ളോബലൈസേഷൻ നയത്തിന്റേയും ചുവടു പിടിച്ചുകൊണ്ടുള്ളതാണ്. അതു നടപ്പിലാക്കിക്കഴി ഞ്ഞാൽ കൈത്തറി എന്നുള്ളത് ഇൻഡ്യയിൽതന്നെ ഇല്ലാതാകുന്ന സ്ഥിതിയി ലേക്ക് കാര്യങ്ങൾ പോകും. എന്തിനേറെ കേന്ദ്ര ഗവണ്മെന്റ് പുതിയ ടെക്സ റ്റൈൽ നയം രൂപീകരിക്കാൻ വേണ്ടി പോകുകയാണ്. ടെക്സറ്റൈൽ മില്ലു കൾ നവീകരിക്കാനും ആ മേഖലയെ നന്നാക്കിയെടുക്കാനും വേണ്ടി വിവിധ ഏജൻസികൾ മുഖേന ഇരുപത്തയ്യായിരം കോടി രൂപ സമാഹരിക്കാൻ തീരു മാനിച്ചു. പക്ഷേ ഈ ഇരുപത്തയ്യായിരം കോടി രൂപയുടെ നിധിയിൽനിന്നും ഒരു നയാപൈസപോലും ഹാൻഡ്ലൂം സെക്ടറിനു കൊടുക്കാൻ കേന്ദ്ര ഗവ ണ്മെന്റ് തീരുമാനിച്ചിട്ടില്ല. ഇതു കേരളത്തേയും ബാധിച്ചിരിക്കുകയാണ്. കാൽ ലക്ഷത്തോളം തറികൾ പ്രവർത്തിച്ചിരുന്ന സ്ഥാനത്ത് ഈ മേഖലയിൽ തറിക ളുടെ എണ്ണം പതിനായിരമായി ചുരുങ്ങിയിരിക്കുന്നു. കേരളത്തിൽ പുരു ഷൻമാർ ഈ രംഗം വിടുകയാണ്. സ്ത്രീ തൊഴിലാളികളാണ് ഇന്ന് ഈ മേഖലയിൽ വന്നുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് ഈ മേഖലയെ സംബ ന്ധിച്ചിടത്തോളം സംസ്ഥാന ഗവണ്മെന്റ് കേന്ദ്രത്തിൽ തക്കതായ സമ്മർദ്ദം

LIBRARY ARCHIVES Kerala Legislative Assembly

ചെലുത്തി അടിയന്തിരമായി ഈ നയം തിരുത്താൻ ശ്രമിക്കണം. നമ്മുടെ സംസ്ഥാനത്ത് കൈത്തറി വ്യവസായം നവീകരിക്കാനുള്ള നടപടികൾ സ്വീകരിക്കണം. കൈത്തറിക്ക് ആവശ്യമായ മേൽത്തരം നൂലുകൾ ഉല്പാദിപ്പിക്കത്തക്ക വിധത്തിൽ കേരളത്തിലെ സ്പിന്നിംഗ് മില്ലുകളെ നവീകരിക്കണം. ഇന്ന് കൈത്തറി മേഖലക്ക് ആവശ്യമായ നല്ല തരം നൂലുകൾ കിട്ടുന്നില്ല. കേരളത്തിലെ സ്പിന്നിംഗ് മില്ലുകൾ ഇപ്പോഴും നവീകരണത്തിന് വിധേയമായിട്ടില്ല. അതുപോലെതന്നെ കേരള ഗവണ്മെന്റ് റിബേറ്റു കുടിശ്ശിക കൊടുത്തു തീർക്കാൻ ശ്രമിക്കണം. ഇപ്പോൾ ഹാൻടെക്സിൽ നാല്പതു കോടി രൂപയുടെയും ഹാൻവീവിൽ ഇരുപതുകോടി രൂപയുടെയും തുണിത്തരങ്ങൾ കെട്ടിക്കിടക്കുകയാണ്. ഇത് എങ്ങനെ വിറ്റഴിക്കാൻ സാധിക്കുമെന്നുള്ളത് ഗൗരവതരമായ പ്രശ്നമാണ്. തക്കതായ സാമ്പത്തികസഹായം ലഭിച്ചില്ലെങ്കിൽ കൈത്തറി തുണികൾ ആകെ കെട്ടിക്കിടക്കും. നമ്മുടെ ആഭ്യന്തര മാർക്കറ്റ് ഇപ്പോൾത്തന്നെ സ്തംഭനത്തിലേക്കാണ് നീങ്ങിക്കൊണ്ടിരിക്കുന്നത്. കേന്ദ്രഗവണ്മെന്റിന്റെ മാർക്കറ്റ് ഡെവലപ്മെന്റ് അസിസ്റ്റൻസ് നിറുത്തലാക്കാനുള്ള നടപടി ഉപേക്ഷിക്കാൻ നമ്മൾ ആവശ്യപ്പെടണം. കൈത്തറിത്തുണികൾ യന്ത്രതറികളിലൂടെ ഉല്പാദിപ്പിക്കുന്നത് കർശനമായി തടയണം. കൈത്തറിക്ക് നീക്കിവച്ചിട്ടുള്ള ഡിസൈനുകൾ അതേ മേഖലയിൽതന്നെ തുടരാൻ വേണ്ടിയുള്ള ഉറപ്പ് നമുക്ക് ലഭിക്കേണ്ടതുണ്ട്. ടെക്നോളജി അപ്ഗ്രഡേഷൻ ഫണ്ട് പദ്ധതിയിൽ കൈത്തറിക്ക് അർഹമായ ഫണ്ട് അനുവദിക്കാൻ നമ്മൾ ആവശ്യപ്പെടണം. എസ്.ആർ. സത്യൻ കമ്മിറ്റി റിപ്പോർട്ട്, തള്ളിക്കളയാൻ കേന്ദ്ര ഗവണ്മെന്റിൽ സമ്മർദ്ദം ചെലുത്തണം. അതിനാവശ്യമായ സമ്മർദ്ദം സംസ്ഥാന ഗവണ്മെന്റിൽ നിന്നുണ്ടാകേണ്ടതുണ്ട്. ദേശീയ വേതന നയം അടക്കം തൊഴിലാളികൾ ഇന്ന് ആവശ്യപ്പെട്ടുക്കൊണ്ടിരിക്കുകയാണ്. കൈത്തറി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കണം. ക്ഷേമപദ്ധതിയുടെ തുകയും വർദ്ധിപ്പിക്കണം. കൈത്തറി രംഗത്ത് കൂറെക്കൂടി കാര്യക്ഷമമായ വിധത്തിൽ ഉല്പാദനം വർദ്ധിപ്പിക്കാൻ കോമൺ ഡെസിസ്റ്റം നടപ്പിലാക്കാൻവേണ്ടി സംസ്ഥാന ഗവണ്മെന്റ് മുൻകൈയെടുത്ത് കേന്ദ്ര ഗവണ്മെന്റിന്റെ നയം തിരുത്തിക്കാൻ സംസ്ഥാന ഗവണ്മെന്റിനു ചെയ്യാൻ കഴിയുന്നത് അടിയന്തിരമായി ചെയ്തുകൊണ്ട് ഈ മേഖലയെ സംരക്ഷിക്കണമെന്നാണ് അപേക്ഷിക്കാനുള്ളത്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി <u>ശ്രീമതി സുശീലാ ഗോപാലൻ</u> : സർ, വളരെ സങ്കീർണ്ണങ്ങളായ പ്രശ്നങ്ങളാണ് ഇന്ന് കൈത്തറി മേഖല അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നത്. കേന്ദ്ര ഗവണ്മെന്റിന്റെ നയത്തിന്റെ ഫലമായി ഈ മേഖല ഇന്ന് പ്രതിസന്ധിയെ നേരിടുകയാണ്. പ്രത്യേകിച്ചും ഡബ്ള്യു.ടി.ഒ.യുമായുണ്ടാക്കിയ കരാറിന്റെ ഫലമായി, കോട്ടാ സിസ്റ്റം നിലനിൽക്കുന്നതുകൊണ്ടുതന്നെ ആവശ്യമായ കൈത്തറി ഉൽപ്പന്നങ്ങളും ടെക്സ്റ്റൈയിൽ ഉല്പന്നങ്ങളും വിദേശത്തേക്ക് കയറ്റി അയക്കാൻ കഴിയുന്നില്ല. വലിയ പ്രതിസന്ധിയാണ് ഈ രംഗത്തുള്ളത്. കണ്ണൂർ അടക്കമുള്ള മേഖലകളെ ബാധിച്ചിരിക്കുന്നത് ഈ നയത്തിന്റെ ഫലമാണ്. ലിബറലൈസേഷന്റെ ഫലമായി വന്നുചേർന്ന ഫലങ്ങൾകൂടിയാണ് ഇന്ന് രാജ്യത്ത് ഏറ്റവും വലിയ പ്രതിസന്ധിയുണ്ടാക്കിയിരിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം കൈത്തറിമേഖലയെ സംരക്ഷിക്കാൻ പരമാവധി ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. കൈത്തറി മേഖലക്ക് 1993 മുതലുണ്ടായിരുന്ന കുടിശ്ശികയടക്കം കൊടുത്തു തീർത്ത് ഏതാണ്ട് റിബേറ്റ് ഇനത്തിൽ ഇരുപത്തിമൂന്നര കോടി രൂപയും അതുപോലെ എം.ഡി.എ. ഇനത്തിൽ മൂപ്പത്തിയാ

LIBRARY ARCHIVES Kerala Legislative Assembly

റുകോടി രൂപയും ഉൾപ്പെടെ ഏതാണ്ട് അറുപത് കോടിയോളം രൂപ ഇതിനകം കൊടുത്തുകഴിഞ്ഞിരിക്കുകയാണ്. കഴിഞ്ഞവർഷം വരെയുള്ള കണക്കു പരിശോധിച്ചതിൽ റിബേറ്റ് ഇനത്തിലുള്ള ഏഴുകോടിരൂപ മാത്ര മാണ് കുടിശ്ശികയായിട്ടുള്ളത്. എം.ഡി.എ. ഇനത്തിൽ കുടിശ്ശികയൊന്നുമില്ല. കേന്ദ്രത്തിൽ പോയി വളരെ സമ്മർദ്ദം ചെലുത്തി 18 കോടി രൂപ വാങ്ങിയെടു ത്തതുകൊണ്ടാണ് ഇത്രയും കുടിശ്ശിക തീർക്കാൻ സാധിച്ചത്. ഇനിയും ഈ വർഷത്തേത് വീണ്ടും അതിന്റെ കണക്ക് ശരിയാക്കിക്കൊണ്ടിരിക്കുകയാണ്. അത് കൈത്തറി മേഖലക്ക് കുറെയധികം സഹായകമായിട്ടുണ്ട്. കയറ്റുമതി ലക്ഷ്യമാക്കി കൈത്തറി ഉൽപ്പന്നങ്ങളുടെ നവീകരണത്തിനു വേണ്ടിയുള്ള വിവിധ പദ്ധതികൾ ഇതിനകം ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് നടപടി കൈക്കൊണ്ടിട്ടുണ്ട്. വിദേശവിപണിയെ ആകർഷിക്കുക, പുത്തൻതലമു റയ്ക്ക് കൈത്തറി വസ്ത്രങ്ങൾ പ്രിയങ്കരങ്ങളാക്കിത്തീർക്കുക, തൊഴിലാളിക ളുടെ അദ്ധ്വാനഭാരം കുറയ്ക്കുക എന്നീ ലക്ഷ്യങ്ങൾവച്ചുകൊണ്ട് ചുരുങ്ങിയ സമയത്തിനുള്ളിൽ അത്യാധുനിക ഡിസൈനുകൾ കമ്പ്യൂട്ടറുകളുടെ സഹാ യത്തോടെ തറികളിൽ വരുത്തുന്നതിനുള്ള ഇലക്ട്രോമെക്കാനിക്കൽ ജക്കാർഡ് നിർമ്മിക്കുന്നതിന് ഞങ്ങൾ നടപടിയെടുത്തിട്ടുണ്ട്. സ്വിറ്റ്സർലന്റിലെ ഫാംസ്റ്റർഡ് യൂണിവേഴ്സിറ്റിയുമായി ഒരു കരാറുണ്ടാക്കി അവരുടെ സാങ്കേതികവിദ്യ ലഭ്യമാക്കി അതിന്റെ മൗണ്ട് ഇപ്പോൾ ഒ.ഇ.എൽ. ഇൻഡ്യാ ലിമിറ്റഡ് എന്ന സ്ഥാപനം തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ഒരു മാസത്തിനകം അത് കിട്ടും. അപ്പോൾ പുതിയ ഡിസൈനുകൾ ജക്കാർഡ് ലൂമിൽ പ്രത്യേകിച്ചും ആയാസരഹിതമായി നെയ്യുന്നതിനുള്ള പൂർണ്ണമായി ട്ടുള്ള ഒരു സിസ്റ്റം നമുക്കുണ്ടാക്കാൻ കഴിയും. പ്രത്യേകിച്ചും ജക്കാർഡ് ലൂമിന്റെ വലിയ ഫ്രെയിമുകൾ എടുത്തുമാറ്റി തൊഴിലാളികൾക്ക് വളരെ ആയാസരഹിതമായി നെയ്യുന്നതിനുള്ള സൗകര്യമുണ്ടാക്കും. അത് ഒരു മാസ ത്തിനകം നമുക്ക് കിട്ടും. ഇതിനാവശ്യമായ സോഫ്റ്റ്വെയർ നിർമ്മിക്കുന്ന തിന് പുനയിലുള്ള ടെക്മാൻ സിസ്റ്റ് എന്ന സ്ഥാപനത്തിനെ ചുമതലപ്പെടു ത്തിയിട്ടുണ്ട്. ഇത് പ്രാവർത്തികമാക്കുമ്പോൾ കൈത്തറി ഉൽപ്പന്നങ്ങളുടെ ഗുണമേൻമയിൽ വിപ്ലവകരമായ മാറ്റത്തിന് വഴിയൊരുക്കുന്നതാണ്. കണ്ണൂർ ആസ്ഥാനമായി പ്രവർത്തിച്ചുവരുന്ന ഹാന്റ്ലൂം ഇൻസ്റ്റിറ്റ്യൂട്ടിൽ അത്യാ കർഷവും അതിനൂതനവുമായ ഡിസൈനുകൾ ആവിഷ്ക്കരിക്കുന്നതിനുള്ള ഗവേഷണങ്ങളും അത് നടപ്പിലാക്കുന്നതിന് തൊഴിലാളികൾക്ക് വിദഗ്ദ്ധ പരി ശീലനവും ലഭ്യമാക്കുന്നതിനുള്ള നടപടികളും നടന്നുവരുന്നു. കൈത്തറി ഉൽപ്പന്നങ്ങൾക്ക് വിദേശവിപണിയിൽ സ്ഥാനം കൈവരിക്കുന്നതിനുള്ള ശ്രമ ങ്ങളാണ് ഈ സ്ഥാപനത്തിൽ നടന്നുവരുന്നത്. കൂടാതെ വിദേശ വിപണിയെ കൂടുതൽ ആകർഷിക്കുന്ന സിൽക്ക്, പോളിസ്റ്റർ ഇനങ്ങൾ കൂടുതലായി ഉൽപ്പാദിപ്പിക്കുന്നതിനു കൈത്തറി സഹകരണസംഘങ്ങൾക്ക് പ്രോൽസാ ഹനം നൽകിവരുന്നുണ്ട്. കയറ്റുമതിക്ക് യോഗ്യമായ കൈത്തറി തുണികൾ, സഹകരണമേഖലയിൽ ഉൽപ്പാദിപ്പിക്കുമ്പോൾ സ്വകാര്യമേഖലയിലുള്ളതിനേ ക്കാൾ ഉൽപ്പാദന ചെലവ് കൂടുതലാണ്. ഇത് പരിഹരിക്കുന്നതിനായി സഹക രണസംഘങ്ങൾ നേരിട്ട് കയറ്റുമതി ചെയ്യുന്ന തുണിത്തരങ്ങളുടെ വിലയുടെ 20% അല്ലെങ്കിൽ പരമാവധി 20 ലക്ഷം രൂപവരെ ഓരോ സംഘത്തിനും പ്രതി വർഷം നൽകിവരുന്നുണ്ട്. എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിലും കൈത്തറിക്ക് കയറ്റുമതി സബ്സിഡി നൽകിവരുന്നു. കേന്ദ്ര ഗവണ്മെന്റിന്റെ സബ്സിഡി വെട്ടിക്കുറയ്ക്കൽ നയംമൂലം കൈത്തറി മേഖലയിൽ ഉണ്ടായേ ക്കാവുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനായി ഈ മേഖലയിൽ സബ്സിഡി തുടർന്നു നൽകണമെന്നു കേന്ദ്ര ഗവണ്മെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. അതു പോലെ എം.ഡി.എ. നിറുത്തിവയ്ക്കുന്നതിന് അവർ പൂർണ്ണമായി തീരുമാനി

LIBRARY ARCHIVES Kerala Legislative Assembly

ച്ചുകഴിഞ്ഞിരിക്കുകയാണ്. എം.ഡി.എ.യുടെ അസിസ്റ്റന്റ്സ് നമുക്ക് കിട്ടാൻ പോകുന്നില്ല. കേന്ദ്ര ഗവണ്മെന്റിന്റെ സത്യൻ കമ്മിറ്റി റിപ്പോർട്ടാണ് വളരെയധികം ദോഷകരമായിട്ടുള്ള ഫലങ്ങളുണ്ടാക്കുന്നത്. ആ റിപ്പോർട്ട് നമ്മൾ പഠിച്ചുകൊണ്ടിരിക്കുകയാണ്. അതിനാവശ്യമായിട്ടുള്ള ശക്തമായ നിർദ്ദേശങ്ങൾ കേന്ദ്ര ഗവണ്മെന്റിൽ വയ്ക്കാനും അവരുമായി ചർച്ച ചെയ്യാനും തീരുമാനിച്ചിട്ടുണ്ട്. അതുപോലെതന്നെ നമ്മുടെ ടെക്സറ്റൈയിൽ മില്ലുകൾ പ്രത്യേകിച്ചും കൈത്തറിയെ സഹായിക്കുന്നതിനുവേണ്ടി നവീകരിക്കുന്നതിനുള്ള നടപടിയെടുത്തിട്ടുണ്ട്. കോർപ്സ് ഫണ്ടിലെ പണം വന്നുകഴിഞ്ഞാൽ 38 കോടി രൂപ കോർപ്സ് ഫണ്ടിൽ നിന്നും ബാക്കി ബാങ്കുകളിൽ നിന്നുമെടുത്ത് 100 കോടി രൂപയുടെ നവീകരണത്തിന് ആവശ്യമായ നടപടിയെടുത്ത് റിപ്പോർട്ടുകൾ തയ്യാറാക്കി കഴിഞ്ഞിരിക്കുകയാണ്. സഹകരണമേഖലയിലും പൊതുമേഖലയിലുമായി 12 മില്ലുകൾ നവീകരിക്കുന്നതിനാണ് നൂറുകോടി രൂപയുടെ പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. അതിൽ കേന്ദ്ര ഗവണ്മെന്റ് പ്രഖ്യാപിച്ചിരിക്കുന്ന ഇരുപത്തി അയ്യായിരം കോടി എന്നൊക്കെ പറയുന്നത് ഞങ്ങൾ ബന്ധപ്പെട്ടിട്ട് അത്രയധികം സൗകര്യം കിട്ടുമെന്ന് തോന്നുന്നില്ല. എങ്കിലും പരമാവധി 5% ഇന്ററസ്റ്റ് സബ്സിഡിയെന്നുള്ളത് വാങ്ങി നവീകരണം നടത്താനുള്ള നടപടിയാണെടുക്കുന്നത്. അങ്ങനെ നവീകരണം നടത്തുമ്പോൾ നമ്മുടെ കൈത്തറി മേഖലയോട് ആവശ്യപ്പെട്ടിട്ടുണ്ട്, എത്ര കൗണ്ട് ഏതെല്ലാം രീതിയിലുള്ള നൂലുകളാണ് അവർക്ക് വേണ്ടതെന്ന് മനസ്സിലാക്കി അതിനനുസൃതമായി മാത്രമേ നവീകരണം നടത്തുകയുള്ളൂ. കൈത്തറി മേഖലയെ സംരക്ഷിക്കുകയെന്നുള്ളത് ടെക്സ്റ്റൈയിൽ മേഖലയുടെ നവീകരണത്തിൽ സുപ്രധാനമാണ്. ആ കാര്യത്തിലും സർക്കാർ മുൻകൈയെടുത്ത് പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. സ്വകാര്യമേഖലയിലടക്കമുള്ള മില്ലുകളെ വിളിച്ചുകൂട്ടി ചർച്ച നടത്തിയിരിക്കുന്നു. അവരുടെകൂടെ നവീകരണത്തിനാവശ്യമായ എന്തെല്ലാം സംഗതികൾ ചെയ്യാൻ കഴിയുമെന്ന് സർക്കാർ ഇപ്പോൾ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ ഏറ്റെടുത്തിരിക്കുന്നത് പൊതുമേഖലയിലേയും സഹകരണമേഖലയിലേയും മില്ലുകളുടെ നവീകരണമാണ്. അങ്ങനെ കൈത്തറി മേഖലയെ സഹായിക്കുന്നതിനാവശ്യമായ എല്ലാ നടപടികളും ഈ സർക്കാർ സ്വീകരിക്കുന്നതാണ്. പക്ഷേ കേന്ദ്ര നയം വളരെയധികം ആപൽക്കരമായ സ്ഥിതിവിശേഷമുണ്ടാക്കിയിട്ടുണ്ട്. അതിനെതിരായിട്ടുള്ള ശക്തമായ പ്രക്ഷോഭണവും കാര്യങ്ങളും ഇൻഡ്യാ രാജ്യത്ത് കൈത്തറി മേഖലയിലെ ആളുകൾ നടത്തിക്കൊണ്ടിരിക്കുകയാണ്. അതിന് ഈ സർക്കാരിന്റെ പൂർണ്ണമായ പിന്തുണയുണ്ടാകും. കൈത്തറിതൊഴിലാളികൾ രണ്ടുകോടി ഇരുപത് ലക്ഷമുണ്ടെന്നാണ് ഏറ്റവുമൊടുവിൽ കിട്ടിയിട്ടുള്ള കണക്ക്. ഇത്രയും വിപുലമായ ഒരു ജനവിഭാഗത്തെ ഉൾക്കൊള്ളുന്ന ഈ പ്രശ്നത്തെ വളരെ ലാഘവത്തോടുകൂടിയാണ് കേന്ദ്ര ഗവണ്മെന്റ് സമീപിക്കുന്നത്. അതിൽ മാറ്റം വരുത്തുന്നതിന് സംസ്ഥാന ഗവണ്മെന്റിന് ചെയ്യാൻ കഴിയുന്ന എല്ലാ സമ്മർദ്ദവും ചെലുത്തുന്നതാണ്.

<u>ശ്രീ. ടി.കെ. ബാലൻ</u> : സർ, കേന്ദ്ര ഗവണ്മെന്റിന്റെ ഈ നയം തിരുത്തിക്കാൻവേണ്ടി കേരളത്തിലെ കൈത്തറി തൊഴിലാളികളുടെ പ്രതിനിധികൾ, കൈത്തറി മേഖലയിലെ തൊഴിലുടമകളുടെ പ്രതിനിധികൾ, സഹകരണസംഘത്തിന്റെ പ്രതിനിധികൾ എന്നിവരുൾപ്പെടുന്ന ഗവണ്മെന്റിന്റെ ഒരു ഡെലിഗേഷൻ കേന്ദ്രത്തിൽ പോയി ഒരു നിവേദനം നൽകുന്ന കാര്യത്തെക്കുറിച്ച് സർക്കാർ പര്യാലോചിക്കുമോ?

<u>ശ്രീമതി സുശീലാ ഗോപാലൻ</u> : അത് പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly